അപകടങ്ങളുണ്ടാക്കുന്ന വാഹനങ്ങളുടെ താരതമ്യ പഠനം

16 (*166) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അപകടങ്ങളുണ്ടാക്കുന്ന വാഹനങ്ങളിൽ കൂടുതലും ഏതു വിധത്തിലുള്ളവയാണെന്നും, ഓരോ വിഭാഗത്തിലുമുള്ള വാഹനങ്ങളുണ്ടാക്കുന്ന അപകടങ്ങളെ സംബന്ധിച്ചും താരതമ്യ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) ടിപ്പർ ലോറികൾ ഉണ്ടാക്കുന്ന അപകടങ്ങളെയും അത്തരം അപകടങ്ങൾമൂലമുള്ള മരണനിരക്കിനെയും സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതെക്കുറിച്ച് പ്രത്യേകം പരിശോധിക്കാൻ നിർദ്ദേശം നൽകുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്. പോലീസ് വകുപ്പിന്റെ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാക്കുന്നത് മോട്ടോർ സൈക്കിളുകളാണ്.

(ബി&സി) പരിശോധിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 144975 വാഹനാപകടങ്ങൾ നടന്നതിൽ 3039 എണ്ണം ടിപ്പർ ലോറി ഉൾപ്പെട്ട അപകടങ്ങളാണ്. ടിപ്പർ ലോറി ഉൾപ്പെട്ട അപകടങ്ങളിൽ 607 പേർ മരണപ്പെട്ടിട്ടുണ്ട്.

വർദ്ധിച്ചു വരുന്ന ഗാർഹിക പീഡനങ്ങൾ

17 (*167) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി കെ. കെ. ലതിക :
ഡോ. കെ. ടി. ജലീൽ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചു വരുന്ന ഗാർഹിക പീഡനങ്ങൾ തടയാൻ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭർത്താക്കന്മാർ മാനസികമായും ശാരീരികമായും പീഡിപ്പിച്ചു കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുന്നുവെന്ന് സ്ത്രീകളിൽ നിന്നും പോലീസിന് ലഭിക്കുന്ന പരാതികളിൽ യഥാസമയം നടപടികളുണ്ടാകുന്നില്ലെന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം കേസുകളിൽ ഉന്നതതലങ്ങളിലുള്ള സമ്മർദ്ദങ്ങളെ തുടർന്ന് നിയമാനുസൃതമായ നടപടികളുണ്ടാകുന്നില്ലെന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഗാർഹിക പീഡനങ്ങൾക്കിരയാകുന്നവരുടെ ആക്ഷേപങ്ങളിൽ മുഖം നോക്കാതെ നീതിപൂർവ്വമായ നടപടികൾ ഉണ്ടാകുന്നു എന്ന് ഉറപ്പ് വരുത്താമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ജനമൈത്രി പോലീസിന്റെയും മറ്റും സംവിധാനം ഉപയോഗിച്ച് കുടുംബാംഗങ്ങളെ ബോധവൽക്കരണം നടത്തിയും വനിതാ സെല്ലിന്റെയും ഹെൽപ്പ് ലൈനിന്റെയും സഹായത്തോടെ കൗൺസിലിംഗ് നടത്തിയും ഗാർഹിക പീഡന നിയമങ്ങളെക്കുറിച്ചും ശിക്ഷകളെക്കുറിച്ചും അവബോധം നടത്തുന്നുണ്ട്. പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള വനിതാ ഹെൽപ്പ് ഡെസ്ക് വനിതകൾക്ക് ഏത് രീതിയിലുള്ള സഹായവും നൽകാൻ പ്രാപ്തരാണ്. ഗാർഹിക പീഡനങ്ങളെക്കുറിച്ചുള്ള പരാതികൾ ലഭിച്ചാൽ Domestic Violence Act അനുസരിച്ച് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഗാർഹിക പീഡനകേസുകളിൽ കാരണങ്ങളാകുന്നത് മിക്കവാറും കുടുംബ പ്രശ്നങ്ങൾ സംബന്ധിച്ച് ഉയർന്നുവരുന്നവയാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഇത്തരം പരാതികളിൽ ഇരുകക്ഷികളെയും വിളിച്ചുവരുത്തി സംസാരിച്ചും ആവശ്യമായവയിൽ നിയമപരമായ സഹായം വക്കീൽ മുഖേന സൗജന്യമായി നൽകിയും കൗൺസിലിംഗുകൾ നടത്തിയും കൂടുതൽ നടപടികൾ ആവശ്യമുള്ളവയിൽ കേസുകൾ രജിസ്റ്റർ ചെയ്യുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. സ്കൂൾ-കോളേജുകൾ കേന്ദ്രീകരിച്ചും എസ്.സി./എസ്.ടി. കോളനികളിലും കുടുംബശ്രീ യൂണിറ്റുകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾക്കെതിരെയും സ്ത്രീ സുരക്ഷയുമായി നിരന്തര ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ വനിത സെല്ലിൽ വരുന്ന ഇത്തരം പരാതികളിന്മേൽ കൗൺസിലിംഗ് നടത്തുന്നതിനായി വനിതാ സെല്ലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന Family Crime Prevention Counselling Centre-ൽ അയയ്ക്കുകയും തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. ജനമൈത്രി സുരക്ഷാ പദ്ധതികളിൽപ്പെടുത്തി കുടുംബ ബന്ധങ്ങളിൽ ഉണ്ടാകുന്ന അസ്വാരസ്യങ്ങൾ സംബന്ധിച്ച് പരിശോധനകൾ നടത്തുകയും ആവശ്യമായ കൗൺസിലിംഗുകൾ നൽകി വരികയും ചെയ്യുന്നുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ നേതൃത്വത്തിൽ ബീറ്റ് ഓഫീസർമാർ ഭവന സന്ദർശനം നടത്തി ഗാർഹിക പീഡനത്തിനിരയാകുന്ന സ്ത്രീകളുടെ വിവരങ്ങൾ ലഭ്യമാക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അത്തരം വിവരങ്ങളിൽ ആവശ്യമായ നിയമ നടപടി/കൗൺസിലിംഗ് എന്നിവ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാന പോലീസ് മേധാവി Protection of Women from Domestic Violence എന്ന നിയമത്തെ ആധാരമാക്കി ഗാർഹിക പീഡനം സംബന്ധിച്ച് പോലീസ് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വിശദമായി ഒരു നിർദ്ദേശം എല്ലാ യൂണിറ്റുകൾക്കും നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ട്.

(ബി) അപൂർവ്വം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ ലഭ്യമാക്കുമ്പോൾ അതിന്മേൽ അന്വേഷണം നടത്തി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഗാർഹിക പീഡനങ്ങൾക്കിരയാകുന്നവരുടെ ആക്ഷേപങ്ങളിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള സഹായം ഉൾപ്പെടെയുള്ള നിയമ സാമൂഹ്യ പരിരക്ഷകൾ പോലീസ് യഥാസമയം നൽകിവരുന്നു. Protection of Women from Domestic Violence Act-ൽ പറഞ്ഞിട്ടുള്ള എല്ലാവിധ സഹായങ്ങളും ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്നവർക്ക് പോലീസ് നൽകിവരുന്നു. എല്ലാ കേസുകളും പോലീസ് സത്യസന്ധമായും നീതിയുക്തവുമായാണ് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നത്.

തീരദേശ കപ്പൽ ഗതാഗത പദ്ധതി

18 (*168) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) മത്സ്യബന്ധന മേഖലയ്ക്കും തീരദേശ ഗതാഗതത്തിനും പുത്തൻ ഉണർവ് നൽകാൻ എന്തെല്ലാം കാര്യങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി അനുസരിച്ച് കാർഗോയ്ക്കും യാത്രക്കാർക്കും നൽകുന്ന ഇൻസെന്റീവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുറമുഖ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?